# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2395 — 18.02.2016 ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലാ ആയൂർവ്വേദ ആശുപത്രിക്കായി പുതിയ മന്ദിരം എന്നാണ് നിർമ്മിച്ചത് ; എത്ര രൂപയായിരുന്നു അന്ന് നിർമ്മാണത്തിനായി ചെലവഴിച്ചത്; | (എ) | പത്തനംതിട്ട ജില്ലാ ആയൂർവേദ ആശുപത്രിയ്ക്കായി പുതിയ മന്ദിരത്തിന്റെ നിർമ്മാണം 2001 ൽ പൂർത്തിയായി. ഏകദേശം ഒരു കോടി രൂപ കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചു. |
| (ബി) | പ്രസ്തുത കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സൗകര്യം ചെയ്തിട്ടുണ്ടെങ്കിലും, ലിഫ്റ്റ് സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രായമേറിയവരും, ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ രോഗികൾക്ക് പടികൾ കയറുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് ഇവിടെ ലിഫ്റ്റ് നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ജില്ലാ ആയൂർവേദ ആശുപത്രി ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത് .ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വകയിരുത്തിയിരുന്നു.എന്നാൽ ടെണ്ടർ വിളിക്കാൻ ആരും തയ്യാറാകാത്തതുകൊണ്ട് ലിഫ്റ്റിന്റെ നിർമ്മാണ പ്രവർത്തനം നടന്നിട്ടില്ല. |
| (ഡി) | ഇവിടെ അടിയന്തിരമായി ലിഫ്റ്റ് സ്ഥാപിക്കുന്നതിനും വീൽചെയറുകളും സ്ട്രെച്ചറുകളും കൊണ്ടുപോകുന്നതിന് പ്രത്യേക സൗകര്യം ഒരുക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ